# എസ് ബി എസ് കോഡ് ഓഫ് പ്രാക്ടീസിനെക്കുറിച്ച്

ടെലിവിഷൻ, റേഡിയോ, ഡിജിറ്റൽ മേഖലകളിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര-ദേശീയ പൊതുമേഖലാ മാധ്യമമാണ് എസ് ബി എസ്. **എസ് ബി എസ് ചാർട്ടറിൽ** വിവക്ഷിച്ചിരിക്കുന്നത് പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ ഞങ്ങൾക്ക് ഓസ്ട്രേലിയൻ സമൂഹത്തോടുണ്ട്. ഓസ്ട്രേലിയൻ സർക്കാരിന്റെ ഫണ്ടിംഗും, പരസ്യങ്ങൾ പോലുള്ള വാണിജ്യ വരുമാനവും ഉപയോഗിച്ചാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്.



മറ്റാർക്കും പറയാൻ കഴിയാത്ത തരത്തിലുള്ള ഓസ്ട്രേലിയൻ പരിപാടികളും, പ്രാദേശിക-അന്താരാഷ്ട്ര വാർത്തകളും വാർത്താധിഷ്ഠിത പരിപാടികളും എസ് ബി എസ് ശ്യംഖലയിലൂടെ നൽകുന്നുണ്ട്. കായികവിശേഷങ്ങൾ, അന്താരാഷ്ട്ര സിനിമകളും ഡോക്യുമെന്ററികളും, പാചകവിശേഷങ്ങൾ, 60ലേറെ ഭാഷകളിലുള്ള റേഡിയോ പ്രക്ഷേപണം തുടങ്ങിയവയും ഈ ശ്യംഖലയിലുണ്ട്. ഓസ്ട്രേലിയൻ ആദിമവർഗ്ഗക്കാരുടെ കഥകൾ പറയുന്ന നാഷണൽ ഇൻഡിജെനസ് ടെലിവിഷനും (NITV) എസ് ബി എസിന്റെ ഭാഗമാണ്.

ഞങ്ങളുടെ പരിപാടികൾ സമൂഹത്തിന്റെ പ്രതീക്ഷകൾക്കൊത്ത് ഉയരുന്നു എന്നുറപ്പാക്കാൻ ഒരു എസ് ബി എസ് കോഡ് ഓഫ് പ്രാക്ടീസ് നിലവിലുണ്ട്. എസ് ബി എസിലെ എല്ലാ പരിപാടികളും – ടെലിവിഷനിലും, റേഡിയോയിലും, ഓൺലൈനിലും, സോഷ്യൽ മീഡിയയിലുമുള്ളവ - പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങളും ചട്ടങ്ങളുമാണ് ഈ കോഡിലുള്ളത്.

നിരവധി സുപ്രധാന വിഷയങ്ങളാണ് കോഡ് ഓഫ് പ്രാക്ടീസിന്റെ പരിധിയിൽ വരുന്നത്:

## വിശ്വാസ്യത

### പരിപാടികളുടെ വിശ്വാസ്യതയും പ്രസക്തിയും ഞങ്ങൾ എങ്ങനെ ഉറപ്പാക്കുന്നു

- എന്തൊക്കെ പരിപാടികൾ ഉൾപ്പെടുത്തണമെന്നതിൽ സ്വതന്ത്രമായ തീരുമാനങ്ങളാണ് ഞങ്ങളെടുക്കുന്നത്
- ഞങ്ങൾ നൽകുന്ന വാർത്തകളും സമകാലിക പരിപാടികളും കൃത്യവും, നിഷ്പക്ഷവും, പൊതുജനതാൽപര്യാർത്ഥവുമാണെന്ന് ഉറപ്പാക്കും
- വ്യത്യസ്തമായ നിലപാടുകളും കാഴ്ചപ്പാടുകളും ഞങ്ങളുടെ പരിപാടികളിൽ ഉൾപ്പെടുത്തും. ഞങ്ങളുടെ പരിപാടികളിൽ പുതുമകളും പരീക്ഷണങ്ങളും ഉള്ളതുപോലെ, അവ പ്രകോപനങ്ങളും വിവാദങ്ങളും സൃഷ്ടിക്കുകയും ചെയ്യാം.

## സുതാര്യത

### പരിപാടികൾ തെരഞ്ഞെടുക്കാൻ ഞങ്ങൾ എങ്ങനെ സഹായിക്കും

- ഏതു തരം പരിപാടികളാണ് നിങ്ങൾക്കും, നിങ്ങൾക്കൊപ്പമുള്ള കുട്ടികൾക്കും ചെറുപ്പക്കാർക്കും ഉചിതമെന്ന് തെരഞ്ഞെടുക്കാൻ സഹായകരമായ വിവരങ്ങൾ ഞങ്ങൾ നൽകുന്നുണ്ട്.
- ഞങ്ങളുടെ പരിപാടികളും പരസ്യങ്ങളും തമ്മിൽ വേർതിരിച്ചറിയാൻ കഴിയുമെന്ന് ഉറപ്പാക്കും. ഓരോ തരം പരസ്യവും എവിടെ/എപ്പോൾ നൽകാമെന്നതിൽ വ്യക്തമായ മാനദണ്ഡങ്ങളുണ്ട്.
- അസ്വസ്ഥതയുളവാക്കാവുന്ന ഉള്ളടക്കമുണ്ടെങ്കിൽ അതിൽ പ്രത്യേക ശ്രദ്ധ ചെലുത്തും – ആർക്കുവേണ്ടിയാണ് ആ പരിപാടി നൽകുന്നതെന്ന് പരിശോധിക്കുകയും, ഉചിതമായ സമയത്ത് മുന്നറിയിപ്പുകൾ നൽകുകയും ചെയ്യും. എഡിറ്റോറിയൽ പ്രാധാന്യം ഉണ്ടെങ്കിൽ മാത്രമേ അവ പ്രസിദ്ധീകരിക്കുകയുള്ളൂ.

## ബഹുമാനം

### എങ്ങനെ ബഹുമാനം ഉറപ്പാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു

- മുൻധാരണകളും വിവേചനങ്ങളും പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ ഞങ്ങൾ ഒഴിവാക്കും. ഏതെങ്കിലും വിഭാഗങ്ങളെക്കുറിച്ചുള്ള പൊതുധാരണകൾ പ്രചരിപ്പിക്കുന്നതും ഒഴിവാക്കും. സന്ദർഭത്തിന് അനുസൃതമായിട്ടാകും ഇത് പരിശോധിക്കുന്നത്.
- ഇംഗ്ലീഷ് ഇതര ഭാഷകളിൽ പരിപാടികൾ നൽകുകയും, വ്യത്യസ്തമായ കാഴ്ചപ്പാടുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
- ആദിമവർഗ്ഗ വിഷയങ്ങൾ സൂക്ഷ്മതയോടെയും, സാംസ്കാരിക മര്യാദകൾ പാലിച്ചും മാത്രമാണ് അവതരിപ്പിക്കുന്നത്.
- വ്യക്തികളുടെ സ്വകാര്യത ഞങ്ങൾ മാനിക്കുന്നു. റിപ്പോർട്ടിംഗിന്റെ ഉത്തരവാദിത്തങ്ങളും സ്വകാര്യതയും തുലനം ചെയ്ത് മാത്രമാണ് പരിപാടികൾ നൽകുന്നത്.

## ഉത്തരവാദിത്തം

### ഞങ്ങൾ എങ്ങനെയാണ് ഉത്തരവാദിത്തം ഉറപ്പാക്കുന്നത്

- ഞങ്ങളുടെ പരിപാടികളെയും സേവനങ്ങളെയും കുറിച്ച് പ്രതികരണങ്ങൾ അറിയിക്കാൻ മാർഗ്ഗങ്ങളുണ്ട് - അഭിനന്ദനമായാലും വിമർശനമായാലും.
- കോഡ് ഓഫ് പ്രാക്ടീസ് പ്രകാരമുള്ള പരാതികൾ പരിശോധിക്കാൻ ഒരു സ്വതന്ത്ര സംവിധാനമുണ്ട്. എസ് ബി എസ് ഓംബുഡ്സ്മാനാകും അത്തരം പരാതികൾ അന്വേഷിക്കുക.




SBS

കൂടുതൽ വിവരങ്ങൾ
sbs.com.au/aboutus/sbs-code-of-practice